"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരിന്തൽമണ്ണ മാസ്റ്റർ പ്ലാൻ പുനരവലോകനം ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പ്**

സ.ഉ.(കൈ) നം.**114/2025/LSGD** തീയതി,തിരുവനന്തപുരം, **06-07-2025**

---

പരാമർശം:-

1. **20.04.2018** -ലെ **G.O(Ms) No.45/2018/LSGD** നമ്പർ ഉത്തരവ്
2. **19-02-2024** -ലെ പെരിന്തൽമണ്ണ നഗരസഭയുടെ **27**-ാം നമ്പർ കൗൺസിൽ തീരുമാനം.
3. **11.12.2024** -ലെ പെരിന്തൽമണ്ണ നഗരസഭ സെക്രട്ടറിയുടെ **TP1/22358/2023** നമ്പർ കത്ത്
4. **06.03.2025** -ലെ ചീഫ് ടൗൺ പ്ലാനറുടെ **LSGD/PD/5586/2025-TCPB4** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം അംഗീകൃതമായ പെരിന്തൽമണ്ണ മാസ്റ്റർ പ്ലാൻ സോണിൽ മാറ്റം വരുത്തുന്നതിന് പരാമർശം (2) പ്രകാരം പെരിന്തൽമണ്ണ മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. പ്രസ്തുത മാസ്റ്റർ പ്ലാനിന് അനുമതി ലഭിച്ചിട്ട് പത്ത് വർഷം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ അംഗീകൃത പെരിന്തൽമണ്ണ മാസ്റ്റർ പ്ലാൻ വ്യതിയാനം വരുത്തുന്നതിനുള്ള കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള നഗരഗ്രാമാസൂത്രണ ആക്ട്, **2016** -ലെ സെക്ഷൻ **50(1)** പ്രകാരം ആയതിനുള്ള സർക്കാർ അനുമതിക്കായി പെരിന്തൽമണ്ണ നഗരസഭാ സെക്രട്ടറി പരാമർശം (3) പ്രകാരം അപേക്ഷിച്ചിട്ടുള്ളതാണ്.

കേരള നഗര ഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് **50(1)** കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, **2021** ലെ ചട്ടം **24(1)** പ്രകാരം മാസ്റ്റർ പ്ലാൻ അവലോകന കമ്മിറ്റി എന്ന പേരിൽ സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ചു കൊണ്ട് പരാമർശം(1) ഉത്തരവ് പ്രകാരം അംഗീകൃതമായ പെരിന്തൽമണ്ണ മാസ്റ്റർ പ്ലാൻ പുനരവലോകനം ചെയ്യുന്നതിനും ചട്ടം **24** ൽ നിഷ്കർഷിച്ചിട്ടുള്ള വിധത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും പെരിന്തൽമണ്ണ നഗരസഭയ്ക്ക് അനുമതി നൽകുന്നതിനായി പരാമർശം (4) പ്രകാരം ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് ടൗൺ പ്ലാനറുടെ ശിപാർശ പരിഗണിച്ച്, കേരള നഗര ഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് **50(1), 32(1)**

എന്നിവ പ്രകാരവും കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, 2021 ലെ ചട്ടം 24(1) പ്രകാരവും മാസ്റ്റർ പ്ലാൻ അവലോകന കമ്മിറ്റി എന്ന പേരിൽ സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ചു കൊണ്ട് പരാമർശം (1) ഉത്തരവ് പ്രകാരം അംഗീകൃതമായ പെരിന്തൽമണ്ണ മാസ്റ്റർ പ്ലാൻ പുനരവലോകനം ചെയ്യുന്നതിനും ചട്ടം 24 ൽ നിഷ്കർഷിച്ചിട്ടുള്ള വിധത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും പെരിന്തൽമണ്ണ നഗരസഭയ്ക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), തിരുവനന്തപുരം
ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം (ചീഫ് ടൗൺ പ്ലാനർ മുഖേന)
സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (RD2/67/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 07-07-2025 14:51:51
സെക്ഷൻ ഓഫീസർ